കോഴിക്കോട് 1-ാം നിയോജക മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം

45(1290) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് 1-ാം നിയോജക മണ്ഡലത്തിൽ ഈ സാമ്പത്തിക വർഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും എത്രപേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഇതിൽ എത്രപേർക്ക് സാമ്പത്തിക സഹായം നൽകിയെന്ന് വിശദമാക്കുമോ ;

(സി) ആർക്കെങ്കിലും സാമ്പത്തിക സഹായം നൽകിയിട്ടില്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ ?

ഉത്തരം

(എ-സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി സംബന്ധിച്ച് മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

ബാലുശ്ശേരി നിയോജക മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് അനുവദിച്ച തുക

46(1291) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര തുക അനുവദിച്ചെന്ന് വെളിപ്പെടുത്തുമോ ;

(ബി) ദുരിതാശ്വാസത്തിനായി അനുവദിച്ച തുക അപേക്ഷകർക്ക് വിതരണം ചെയ്തുകഴിഞ്ഞോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി സംബന്ധിച്ച മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

(ബി) ആദ്യം അനുവദിച്ച തുകകൾ വിതരണം ചെയ്തു കഴിഞ്ഞു. ഈയിടെ അനുവദിച്ചവ വിതരണം ചെയ്തു വരുന്നു.

വയനാട് ജില്ലയിലെ മൂന്നു മണ്ഡലങ്ങളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ച തുക

47(1292) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര തുക അനുവദിച്ചു എന്ന് വിശദമാക്കുമോ;

(ബി) വയനാട് ജില്ലയിലെ മൂന്നു മണ്ഡലങ്ങളിൽ അനുവദിച്ച തുക മണ്ഡല അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly